# പരലോക വിശ്വാസം

പരലോക വിശ്വാസം ഈമാൻ കാര്യങ്ങളിൽ പെട്ടതാകുന്നു. ഈ ലോകത്തിന് ഒരു അവസാന ദിവസമുണ്ട്. അന്ന് ഈ ലോകത്തുള്ളതെല്ലാം നശിക്കും. തുടർന്ന് മറ്റൊരു ലോകം നിലവിൽ വരും. അല്ലാഹു നമ്മെയെല്ലാം വിണ്ടും ജീവിപ്പിക്കും. ഇതിന് يَوْمُ الْقِيَامَةِ (ഉയിർത്തെഴുന്നേൽപിൻെറ ദിവസം ) എന്നു പറയുന്നു. ഒരിക്കൽ നമ്മെ സൃഷ്ടിച്ചു വളർത്തിയ അല്ലാഹു വീണ്ടും നമുക്ക് ജീവൻ നൽകുവാൻ കഴിവുള്ളവനാണല്ലോ. തുടർന്ന് ഓരോ മനുഷ്യനേയും അവൻെറ നന്മ തിന്മകൾ രേഖപ്പെടുത്തിയ ഗ്രന്ഥം നൽകി അല്ലാഹു വിചാരണ ചെയ്യും. അവൻെറ ചെറുതും വലുതുമായ പ്രവൃത്തികളും വാക്കുകളും അല്ലാഹു പരിശോധിക്കും. എന്നിട്ട് ഓരോരുത്തരുടേയും കർമ്മങ്ങൾക്ക് അല്ലാഹു പൂർണ്ണമായ പ്രതിഫലം നൽകും. തത്ഫലമായി നന്മ ചെയ്തവർക്ക് സ്വർഗം ലഭിക്കും. തിന്മ ചെയ്തവർക്ക് നരകശിക്ഷയും കിട്ടും. അങ്ങിനെ നബിമാരെ പിൻപറ്റി ജീവിച്ചവർ വിജയിക്കും, അല്ലാത്തവർ പരാജയമടയുകയും ചെയ്യും.

ജോലിക്ക് അർഹമായ കൂലി ലഭിക്കേണ്ടത് ആവശ്യമാണ്. നന്മ ചെയ്തവന് രക്ഷ ലഭിക്കണം. തിന്മ ചെയ്തവന് ശിക്ഷയും ലഭിക്കണം. അതാണ് ബുദ്ധിയുടെ വിധി. നീതിയും അതു തന്നെ. എന്നാൽ ഈ ജീവിതത്തിൽ ഓരോ മനുഷ്യനും തൻെറ കർമ്മത്തിനു തുല്യമായ പ്രതിഫലം ലഭിക്കുന്നുണ്ടോ? ഇല്ല. പടച്ചവനിൽ വിശ്വസിക്കുന്നവരും അവനെ നിഷേധിക്കുന്നവരും ഇവിടെ ജീവിക്കുന്നു. വലിയ അക്രമികൾ സുഖമായി കഴിഞ്ഞുകൂടുന്നു. അതേ അവസരത്തിൽ നന്മ ചെയ്യുന്ന പലരും ദുഃഖത്തിലും കഴിയുന്നു. എത്രയോ കള്ളൻമാരെ നമുക്ക് പിടികിട്ടാതെ പോകുന്നു. കൊലക്കേസുകൾ തെളിയിക്കാൻ കഴിയാതെ വരുന്നു. ഇനി നാം വിചാരിച്ചാൽ തന്നെ കർമ്മത്തിന് തുല്യമായ പ്രതിഫലം നൽകുവാൻ കഴിയുമോ? ഇല്ല എന്നതാണ് ശരി. കാരണം ഒരാളെക്കൊന്നവന്ന് വധശിക്ഷ നൽകുവാൻ കഴിയും. എന്നാൽ പത്താളുകളെ കൊന്ന ഒരാൾക്ക് എന്തു ശിക്ഷ കൊടുക്കും. ഒരു തവണ കൊല്ലാനല്ലേ നമുക്ക് കഴിയൂ. നീതിയനുസരിച്ച് അവനെ പത്തു തവണ കൊല്ലേണ്ടതല്ലേ?

ചുരുക്കത്തിൽ കർമ്മത്തിന് തുല്യമായ പ്രതിഫലം ഈ ലോകത്തു വെച്ച് ലഭിക്കുന്നില്ല. അത് വേണമെന്നാണ് നമ്മുടെ നീതിബോധം വിധിക്കുന്നത്. നമ്മുടെ പരിപാടികളിലെല്ലാം നീതി വേണമെന്ന ചിട്ട നാം വെച്ചിട്ടുണ്ട്. എന്നിരിക്കെ നമ്മുടെ സ്രഷ്ടാവായ അല്ലാഹുവിൻെറ ഭരണത്തിൽ നീതിയില്ലാതെ വരുമോ? ഒരിക്കലുമില്ല. അതുകൊണ്ടാണ് എല്ലാ പ്രവാചകൻമാരും, മുഴുവൻ വേദഗ്രന്ഥങ്ങളും 'പ്രതിഫല ദിനം ' ഉണ്ട് എന്ന് ഉറക്കെ പറഞ്ഞിട്ടുള്ളത്. ആ ദിനത്തിൽ വിധി കൽപിക്കുന്നവൻ എല്ലാം അറിയുന്ന അല്ലാഹുവാണ്. അതു കൊണ്ട് തൻെറ ഒരു നന്മ രേഖയിൽ പെടാതെ പോയി എന്നോ താൻ ചെയ്യാത്ത ഒരു കുറ്റത്തിന് തനിക്ക് ശിക്ഷ വിധിച്ചു എന്നോ ഒരാളും പരാതി പറയുന്ന പ്രശ്നമില്ല.

**فَمَن يَّعْمَلْ مِثْقَالَ ذَرَّةٍ خَيْرًا يَرَهُ . وَ مَن يَّعْمَلْ مِثْقَالَ ذَرَّةٍ شَرًّا يَرَهُ ( سورة الزلزال : 7، 8)**

**"ആരെങ്കിലും ഒരു അണുത്തൂക്കം നന്മ ചെയ്താൽ അത് അവൻ കാണും. ആരെങ്കിലും ഒരു അണുത്തൂക്കം തിന്മ ചെയ്താൽ അതും അവൻ കാണും."**

ആ ദിവസം ഓരോ മനുഷ്യനും അവൻെറ കർമ്മഫലം മാത്രമേ ലഭിക്കുകയുള്ളൂ. നന്മയാണെങ്കിൽ രക്ഷ ലഭിക്കും. തിന്മയാണെങ്കിൽ ശിക്ഷയും ലഭിക്കും. ഒരാളുടെ കുറ്റം മറ്റൊരാൾ ഏറ്റെടുക്കുകയില്ല. പിഴയോ കൈക്കൂലിയോ കൊടുത്ത് ആർക്കും രക്ഷപ്പെടാൻ കഴിയുകയുമില്ല. അവിടെ വെച്ച് ദുഃഖിച്ചത് കൊണ്ടോ, വിലപിച്ചത് കൊണ്ടോ യാതൊരു ഫലവും ഉണ്ടായിരിക്കുന്നതുമല്ല. അതുകൊണ്ട് നാം ഓരോ ദിവസവും നമ്മുടെ പരലോക രക്ഷയ്ക്കു വേണ്ട കർമങ്ങൾ ഒരുക്കി വെയ്ക്കേണ്ടതുണ്ട്. അല്ലാഹു സഹായിക്കട്ടെ.

കടപ്പാട്: കേരള നദ്‌വത്തുൽ മുജാഹിദീൻ വിദ്യഭ്യാസ ബോർഡ്